**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 852** **11-02-2025 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി വികസന ഓഫീസർമാരുടെ ജോലിഭാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി വികസന ഓഫീസർമാരുടെ ജോലിഭാരം സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | വിവിധ ജില്ലകളിൽ പട്ടികജാതി വികസന ഓഫീസർമാരുടെ ജോലിഭാരം കണക്കിലെടുത്ത് വകുപ്പ് ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് പട്ടികജാതി വികസന വകുപ്പിൽ പ്രവൃത്തി പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | തദ്ദേശ സ്ഥാപനങ്ങളിൽ ഇലക്ട്രിക് സ്കൂട്ടർ അനുവദിച്ച് സർക്കാർ ഉത്തരവിട്ടത് പോലെ ഫീൽഡ് വർക്കിലെ ജോലിഭാരം കണക്കിലെടുത്ത് പട്ടികജാതി വികസന ഓഫീസർമാർക്കും ഇലക്ട്രിക് സ്കൂട്ടർ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | ഇപ്പോൾ പരിഗണനയിലില്ല. |
| (സി) | മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി, തിരൂരങ്ങാടി മുനിസിപ്പാലിറ്റികളിൽ പട്ടികജാതി വികസന ഓഫീസർ ഗ്രേഡ് - lll തസ്തിക സൃഷ്ടിക്കുന്നതിന് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്(എ.ആർ - 4) സമർപ്പിച്ച ശിപാർശയിന്മേൽ സ്വീകരിച്ച തുടർ നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ? | (സി) | ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് സമർപ്പിച്ച പ്രവൃത്തി പഠന റിപ്പോർട്ടിലെ ശിപാർശകളിന്മേൽ പ്രൊപ്പോസൽ ലഭ്യമാക്കാൻ പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ